(ജി) 3 ലോഡുകളിൽപ്പെട്ട തടികൾ ഒഴികെ എല്ലാംതന്നെ ഇതിനോടകം നീക്കം ചെയ്തിട്ടുണ്ട്.

(എച്ച്) ചോദ്യത്തിലെ 'ഇ' പിരിവിനുള്ള ഉത്തരം കണ്ടാലും.

എരുമേലി റെയിഞ്ചിലെ തൊണ്ടിലേലത്തിലുള്ള ക്രമക്കേട്

70(1893) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16.3.1999-ൽ എരുമേലി റെയിഞ്ചിൽ നടന്ന തൊണ്ടി ലേലത്തിൽ ക്രമവിരുദ്ധമായി വനത്തിൽ നിന്നും ശേഖരിച്ച തേക്കുതടികളും തേക്ക് അറക്ക ഉരുപ്പടികളും ബിനാമി പേരിൽ വനം വകുപ്പ് ഉദ്യോഗസ്ഥന്മാർ തന്നെ ലേലം കൊള്ളുകയായിരുന്നു എന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(ബി) അന്വേഷണ വിധേയമാക്കി എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(സി) 16.3.1999-ന് മുമ്പ് തൊണ്ടി ലേലത്തിലും അഴിമതി നടന്നതായി ഗവൺമെന്റിന് അറിവുണ്ടോ;

(ഡി) ലേലത്തിൽ വിറ്റ തടി മോഷണം പോയതിനെപ്പറ്റി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള പ്രാഥമിക റിപ്പോർട്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിൽ തൊണ്ടിത്തടി ലേലം നടത്തുന്നതിൽ സ്വീകരിക്കേണ്ടതായ വകുപ്പുതല നടപടി ക്രമത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാരാണെന്ന് കാണുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന് തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ പരാതിയിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് ഫോറസ്ട്രി കൺസർവേറ്ററോട് (വിജിലൻസ്) ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഇല്ല

(ഡി) ഉണ്ട്.

(ഇ) മോഷണം പോയ തടികൾ കണ്ടെത്തുവാനുള്ള അന്വേഷണവും ഇതിന് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

കാട്ടാന ശല്യം

71(1894) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly